"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - NRLM - കുടുംബശ്രീ മിഷന് കീഴിൽ അയൽക്കൂട്ടാംഗങ്ങളെ 'ലഖ്പതി ദീദി' കളാക്കി മാറ്റുന്നത് - വിവിധ വകുപ്പ് മേധാവികളെ ഉൾപ്പെടുത്തി സ്റ്റേറ്റ് സ്റ്റീയറിംഗ് കമ്മിറ്റി, ഡിസ്ട്രിക്ട് സ്റ്റീയറിംഗ് കമ്മിറ്റി എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1098/2024/LSGD തീയതി,തിരുവനന്തപുരം, 21-06-2024

---

പരാമർശം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.02.2024 ലെ KSHO/1693/2023-H1 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം (MoRD), എൻ.ആർ.എൽ.എം. വഴി 8.93 ലക്ഷം അയൽക്കൂട്ടാംഗങ്ങളെ 'ലഖ്പതി ദീദി'കളാക്കി മാറ്റുന്നതിന് കുടുംബശ്രീ മിഷന് ടാർഗറ്റ് നൽകിയിട്ടുണ്ട് എന്നും ആയതിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ മുഴുവൻ അയൽക്കൂട്ടാംഗങ്ങളുടെ കുടുംബ വരുമാനം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി സർവ്വേ നടത്തുകയും വിവിധ വരുമാന സ്ലാബുകളിലുള്ള കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട് എന്നും ഓരോ അയൽക്കൂട്ടാംഗങ്ങളുടെയും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയെങ്കിലും ഉറപ്പാക്കി അയൽക്കൂട്ട വനിതയെ 'ലഖ്പതി ദീദി' ആക്കി മാറ്റേണ്ടതുണ്ട് എന്നും പരാമർശ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. പ്രസ്തുത ആവശ്യത്തിനായി വിവിധ സംരംഭ, കാർഷിക, മൃഗസംരക്ഷണ മേഖലയിലെ സംയോജന സാധ്യതകൾ കണ്ടെത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കേണ്ടതിനാൽ ഇതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും വിവിധ വകുപ്പ് മേധാവികളുടെ സ്റ്റീയറിംഗ് കമ്മിറ്റികൾ രൂപീകരിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ മിഷന്കീഴിൽ അയൽക്കൂട്ട വനിതകളെ 'ലഖ്പതി ദീദി' കളാക്കി മാറ്റുന്നതിന് വേണ്ടി, വിവിധ മേഖലകളിലെ സംയോജന സാധ്യതകൾ കണ്ടെത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി, സംസ്ഥാന തലത്തിലും ജില്ലാതലത്തിലും വിവിധ വകുപ്പ് മേധാവിളെ ഉൾപ്പെടുത്തി ചുവടെ ചേർക്കും പ്രകാരം സ്റ്റേറ്റ് സ്റ്റീയറിംഗ് കമ്മിറ്റി, ഡിസ്ട്രിക്ട് സ്റ്റീയറിംഗ് കമ്മിറ്റി എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>STATE STEERING COMMITTEE</u>

1. Principal Secretary, LSGD - Chairperson
2. Director- SC Department

3. Director -ST Department
4. Director - Employment Department
5. Director- Animal Husbandry Department
6. Director- Women & Child Development Department
7. Director- Agriculture Department
8. Executive Director- Kudumbashree - Convenor

## DISTRICT STEERING COMMITTEE

1. District Collector - Chairperson
2. Joint Director - LSGD
3. District Development Officer- SC Department
4. Project Officer -ST Department
5. District Employment Officer - Employment Department
6. Principal Agriculture Officer - Agriculture Department
7. District Veterinary Officer - Animal Husbandry Department
8. District Women & Child Development Officer- Women & Child Development Department
9. District Mission Co-ordinator- Kudumbashree - Convenor

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്,ഗവ:സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ,തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 21-06-2024 12:14:58
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി